# എ ബി സി പദ്ധതി: മന്ത്രി കെ രാജു ഉദ്ഘാടനം ചെയ്യും

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന എ ബി സി (ആനിമൽ ബർത്ത് കൺട്രോളിംഗ്) പദ്ധതി വനം മന്ത്രി കെ രാജു ഉദ്ഘാടനം ചെയ്യും. എൻ കെ പ്രേമചന്ദ്രൻ എം പി ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് കർഷകർക്കുള്ള ധനസഹായം വിതരണം ചെയ്യും. കറവയന്ത്ര വിതരണ പദ്ധതി ജി എസ് ജയലാൽ എം എൽ എ ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി 10ന് ഉച്ചയ്ക്ക് രണ്ടിന് കൊട്ടിയം ആർ എ ഐ സി കോംപ്ലക്സിൽ നടക്കുന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജഗദമ്മ അധ്യക്ഷത വഹിക്കും. വൈസ് പ്രസിഡന്റ് എം ശിവശങ്കരപിള്ള എ ബി സി പദ്ധതിയുടെ പരിശീലന സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ എൻ എൻ ശശി ആമുഖ പ്രഭാഷണം നടത്തും. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ ബി ബാഹുലേയൻ റിപ്പോർട്ട് അവതരിപ്പിക്കും. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മായാ സുരേഷ്, ജില്ലാ പഞ്ചായത്ത് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ വി ജയപ്രകാശ്, ആശാ ശശിധരൻ, അഡ്വ ജൂലിയറ്റ് നെൽസൺ, ഇ എസ് രമാദേവി, ജില്ലാ പഞ്ചായത്തംഗങ്ങളായ എൻ രവീന്ദ്രൻ, സി പി പ്രദീപ്, എസ് ഫത്തഹുദീൻ, സെക്രട്ടറി കെ പ്രസാദ്, പ്ലാനിംഗ് അഡീഷണൽ ഡയറക്ടർ ഡോ ആനിമേരി ഗോൺസാൽവസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ നിമ്മി(ചാത്തന്നൂർ), ആശാചന്ദ്രൻ(തൃക്കോവിൽവട്ടം), എൽ ലക്ഷമണൻ(മയ്യനാട്), ഇത്തിക്കല ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ മൈലക്കാട് സുനിൽ, ഷെർളി സ്റ്റീഫർ, ശ്രീജാ ഹരീഷ്, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തംഗം രേഖാചന്ദ്രൻ, വിവിധ

രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ അജയകുമാർ സ്വാഗതവും കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസർ ഡോ ഡി അനിൽകുമാർ നന്ദിയും പറയും. രാവിലെ *11.30* നടക്കുന്ന സെമിനാറിൽ എ ബി സി പ്രോഗ്രാം ജില്ലാ കോ-ഓർഡിനേറ്റർ ഡോ പി ബി പ്രസാദ് മോഡറേറ്റർ ആകും. പരവൂർ വെറ്ററിനറി പോളി ക്ലിനിക്ക് വെറ്ററിനറി സർജൻ ഡോ എസ് രാജു പേ വിഷബാധ മൃഗങ്ങളിൽ എന്ന വിഷയത്തിൽ ക്ലാസെടുക്കും. (പി.ആർ.കെ.നമ്പർ-*308/17*)